ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29.11.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ തമിഴ്നാട് സന്ദർശനം പുരോഗമിക്കുന്നു; ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ നാളെ അരുണാചൽ പ്രദേശ് സന്ദർശിക്കും.

   President Draupadi Murmu's visit to Tamil Nadu is progressing; Vice President Jagdeep Dhankhar will visit Arunachal Pradesh tomorrow.

2. ശീതകാല സമ്മേളനത്തിൽ തുടർച്ചയായി നാലാം ദിനവും പാർലമെന്റ് പ്രക്ഷുബ്ധം ; പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് ഇരു സഭകളും പിരിഞ്ഞു.

   Parliament disrupted for the fourth consecutive day during the winter session; both houses adjourned following a ruckus by the opposition.

3. രാജ്യത്തെ ഉന്നത പോലീസ് മേധാവികളുടെ സമ്മേളനം ഒഡിഷയിലെ ഭുവനേശ്വറിൽ ആഭ്യന്തര മന്ത്രി അമിത്ഷാ ഉദ്ഘാടനം ചെയ്തു. പ്രധാനമന്ത്രി നാളെ സമ്മേളനത്തെ അഭിസംബോധന ചെയ്യും.

   Union Home Minister Amit Shah inaugurated the all-India Director Generals and Inspector Generals of Police Conference at Bhubaneswar, Odisha. The Prime Minister will address the conference tomorrow.

4. ബംഗ്ലാദേശിലെ ഹിന്ദുക്കൾ അടക്കമുള്ള ന്യൂനപക്ഷങ്ങൾക്ക് നേരെയുള്ള അക്രമസംഭവങ്ങളിൽ ആശങ്ക അറിയിച്ച് ഇന്ത്യ; അക്രമങ്ങളെ രാജ്യം ഗൗരവത്തോടെ കാണുന്നുവെന്ന് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ.

   India expresses concern over incidents of violence against minorities, including Hindus, in Bangladesh; External Affairs Minister S Jaishankar says the country is taking the issue seriously.

5. കേരളത്തിൽ അടുത്ത 5 ദിവസം ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യത. ആറ് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത, തെക്കൻ കേരള തീരത്ത് നാളെ വരെ മത്സ്യബന്ധനത്തിന് വിലക്ക്.

   Kerala is likely to receive thundershowers for the next 5 days. Yellow alert in six districts tomorrow, fishing banned in south Kerala coast till tomorrow.

6. ഇന്ത്യൻ താരങ്ങളായ പി വി സിന്ധുവും ലക്ഷ്യ സെന്നും സെയ്ദ് മോദി ബാഡ്മിൻറൺ ടൂർണമെൻറിൻറെ സെമിയിൽ കടന്നു; ഐ എസ് എൽ ഫുട്ബോളിൽ, ഇന്ന് ഈസ്റ്റ് ബംഗാൾ - നോർത്ത് ഈസ്റ്റ് യുണൈറ്റഡ് പോരാട്ടം.

   Indian players PV Sindhu and Lakshya Sen enter the semi-finals of the Syed Modi badminton tournament; East Bengal meets North East United in ISL football today.

******************************

**PRESIDENT**

തമിഴ്നാട് സന്ദർശനം തുടരുന്ന രാഷ്ട്രപതി ദ്രൗപദി മുർമു നീലഗിരി ജില്ലയിലെ ഗോത്ര വിഭാഗങ്ങളുമായും, ആദിവാസി വനിതാ സ്വയം സഹായ സംഘങ്ങളുമായും സംവദിക്കും. നാളെ തിരുവാരൂരിൽ നടക്കുന്ന തമിഴ്നാട് കേന്ദ്ര സർവകലാശാലയുടെ ബിരുദദാനച്ചടങ്ങിനെ രാഷ്ട്രപതി അഭിസംബോധന ചെയ്യും. ഇന്നലെ ഊട്ടിയിലെ വെല്ലിംഗ്ടൺ പ്രതിരോധ സേനാ സ്റ്റാഫ്

ട്രെയിനിംഗ് കോളേജിൽ സംഘടിപ്പിച്ച പരിപാടിയിൽ രാഷ്ട്രപതി മുഖ്യ പ്രഭാഷണം നടത്തിയിരുന്നു.

*******************************

## VP-ARUNACHAL

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ നാളെ അരുണാചൽ പ്രദേശിലെ ദോയിമുഖ്, ഇറ്റാനഗർ എന്നിവിടങ്ങളിൽ പര്യടനം നടത്തും. സന്ദർശന വേളയിൽ, ദോയിമുഖിലെ റോണോ ഹിൽസിലെ രാജീവ് ഗാന്ധി സർവകലാശാലയുടെ 22-ാമത് ബിരുദദാന ചടങ്ങിൽ അദ്ദേഹം മുഖ്യാതിഥിയാകും. ഇറ്റാനഗറിൽ നടക്കുന്ന അരുണാചൽ പ്രദേശ് നിയമസഭയുടെ പ്രത്യേക സമ്മേളനത്തെയും ഉപരാഷ്ട്രപതി അഭിസംബോധന ചെയ്യും.

*******************************

## PAR-ADJOURNED (INTRO)

ശീതകാല സമ്മേളനത്തിൽ തുടർച്ചയായി നാലാം ദിവസവും പ്രക്ഷുബ്ധമായി പാർലമെൻറ്. പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് പാർലമെൻറിൻറെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ഒരു പ്രമുഖ വ്യവസായ ഗ്രൂപ്പിനെതിരായ കൈക്കൂലി ആരോപണവും, മറ്റ് വിഷയങ്ങളും ഉയർത്തി ആയിരുന്നു പ്രതിപക്ഷ പ്രതിഷേധം. രാജ്യസഭയിൽ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന പ്രതിപക്ഷത്തിൻറെ ആവശ്യം സഭാധ്യക്ഷൻ ജഗ്ദീപ് ധൻകർ നിരാകരിച്ചു. പ്രതിഷേധിക്കുന്ന അംഗങ്ങൾ തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കുകയാണെന്നും, സഭാനടപടികൾ ഇത്തരത്തിൽ തടസ്സപ്പെടുത്തുന്നത് ജന താത്പര്യത്തിന് വിരുദ്ധമാണെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

തുടർന്ന് സഭ ഇന്നത്തേക്ക് പിരിയുകയായിരുന്നു. ലോക്സഭയിലും സമാനമായ പ്രതിഷേധമാണ് അരങ്ങേറിയത്. കോൺഗ്രസ് ഡിഎംകെ സമാജ് വാദി ഉൾപ്പെടെയുള്ള പ്രതിപക്ഷ കക്ഷികൾ മുദ്രാവാക്യങ്ങളുമായി സഭയുടെ നടുത്തളത്തിലിറങ്ങി. സഭാ നടപടികൾ സമാധാനപരമായി മുന്നോട്ട് കൊണ്ടുപോകണമെന്നും,

ചർച്ചകളാണ് ജനാധിപത്യത്തിൽ വേണ്ടതെന്നും ലോക്സഭാ സ്പീക്കർ ഓം ബിർള പറഞ്ഞു.

******************************

## PM CONFERENCE

പ്രധാനമന്ത്രി നരേന്ദ്ര മോദി മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഒഡിഷയിലെത്തും. ഭുവനേശ്വറിൽ നടക്കുന്ന ഡി.ജി.പി, ഐജി തലത്തിലുള്ള മുതിർന്ന പോലീസ് ഉദ്യോഗസ്ഥരുടെ അഖിലേന്ത്യാ സമ്മേളനത്തെ പ്രധാനമന്ത്രി നാളെ അഭിസംബോധന ചെയ്യും. സമ്മേളനത്തിൻറെ ഉദ്ഘാടനം ഇന്ന് ആഭ്യന്തര മന്ത്രി അമിത്ഷാ നിർവഹിച്ചു. മൂന്നു ദിവസം നീളുന്ന സമ്മേളനത്തിൽ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, കേന്ദ്ര ആഭ്യന്തര സെക്രട്ടറി,CRPF, NSG, IB, SPG, മേധാവിമാർ തുടങ്ങിയവർ പങ്കെടുക്കുന്നുണ്ട്. ദേശീയ സുരക്ഷ, ഭീകരവിരുദ്ധ പ്രവർത്തനങ്ങൾ, ഇടതു തീവ്രവാദം, തീരദേശ സുരക്ഷ, പുതിയ ക്രിമിനൽ നിയമങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ സമ്മേളനം ശ്രദ്ധ കേന്ദ്രീകരിക്കും. വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പൊലീസ് മെഡലും ചടങ്ങിൽ സമ്മാനിക്കും.

******************************

## IND-BENGL-MEA (INTRO)

ബംഗ്ലാദേശിലെ ഹിന്ദുക്കൾ അടക്കമുള്ള ന്യൂനപക്ഷങ്ങൾക്ക് നേരെയുള്ള അക്രമസംഭവങ്ങളിൽ ആശങ്ക അറിയിച്ച് ഇന്ത്യ. വിഷയത്തിലെ ആശങ്ക ബംഗ്ലാദേശിനെ അറിയിച്ചതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജെയ്സ്വാൾ വ്യക്തമാക്കി.

ഹോൾഡ് വോയിസ്

ന്യൂനപക്ഷ സമുദായങ്ങൾക്കെതിരെ നിലനിൽക്കുന്ന ഭീഷണികളും ആക്രമണങ്ങളും എന്നും ബംഗ്ലാദേശി ഭരണകൂടത്തിൻറെ ശ്രദ്ധയിൽപ്പെടുത്താൻ ശ്രദ്ധിച്ചിട്ടുണ്ടെന്നും രാജ്യത്തെ ന്യൂനപക്ഷങ്ങളെ സംരക്ഷിക്കാൻ സാധ്യമായ എല്ലാ നടപടികളും ബംഗ്ലാദേശ്

സ്വീകരിക്കണമെന്നും  ഇന്ത്യ ആവശ്യപ്പെട്ടു.

*******************************

## LS-JAISHANKAR BANGLADESH

ബംഗ്ലാദേശിൽ  ഹിന്ദുമത വിശ്വാസികൾക്കെതിരെ നടക്കുന്ന ആക്രമണങ്ങളെ  ഇന്ത്യൻ ഭരണകൂടം ഗൗരവത്തോടെയാണ് കാണുന്നതെന്ന് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ. ഈവർഷം ആഗസ്റ്റിൽ വീടുകളും കടകളും കൊള്ളയടിക്കുകയും,ക്ഷേത്രങ്ങൾ അടക്കമുള്ള ആരാധനാലയങ്ങൾക്കെതിരെ ആക്രമണം ഉണ്ടാവുകയും ചെയ്തതായും അദ്ദേഹം ലോക്സഭയിൽ രേഖാമൂലം വ്യക്തമാക്കി.ന്യൂനപക്ഷങ്ങൾ അടക്കം രാജ്യത്തെ എല്ലാ പൗരന്മാരുടെയും ജീവൻ സംരക്ഷിക്കുക എന്നത് ബംഗ്ലാദേശി ഭരണകൂടത്തിന്റെ ചുമതലയാണെന്നും ശ്രീ.ജയ്ശങ്കർ സഭയിൽ അഭിപ്രായപ്പെട്ടു.

*******************************

## GDP-GROWTH

നടപ്പ് സാമ്പത്തിക വർഷത്തിൻറെ രണ്ടാം പാദത്തിൽ രാജ്യത്തെ മൊത്ത ആഭ്യന്തര ഉൽപ്പാദനം 5.4 ശതമാനം വളർച്ച കൈവരിക്കുമെന്ന് പ്രതീക്ഷ. Statistics and Programme Implementation മന്ത്രാലയത്തിൻറെ കണക്കനുസരിച്ച്, ഇതേ കാലയളവിൽ യഥാർത്ഥ മൊത്ത മൂല്യവർദ്ധനാവ് 5.6 ശതമാനം വളർന്നു. രണ്ടാം പാദത്തിൽ കൃഷിയും അനുബന്ധ മേഖലകളും 3.5 ശതമാനം വളർച്ച രേഖപ്പെടുത്തി.

*******************************

## INDIA UK DEFENCE

ഇന്ത്യൻ നാവികസേനയ്ക്കായി ഇലക്ട്രിക് പ്രൊപ്പൽഷൻ സംവിധാനങ്ങളുടെ രൂപകല്പനയ്ക്കും വികസനത്തിനുമായുള്ള സഹകരണം സംബന്ധിച്ച Statement of Intent -ൽ ഇന്ത്യയുടെയും യുകെയുടെയും പ്രതിരോധ മന്ത്രാലയങ്ങൾ ഒപ്പുവച്ചു. ഇരു രാജ്യങ്ങളുടേയും പ്രതിരോധ മന്ത്രാലയങ്ങൾ തമ്മിൽ ഇന്നലെ പോർട്സ്മൗത്തിൽ നടന്ന ഇലക്ട്രിക് പ്രൊപ്പൽഷൻ

കപ്പബിലിറ്റി സഹകരണത്തിന്റെ മൂന്നാമത് സംയുക്ത വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ ഭാഗമായിട്ടാണ് ഇത്.

********************************

## TN DEPRESSION

തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട അതിതീവ്ര ന്യൂനമർദം ഇന്ന് ഉച്ചയോടെ ഫെഞ്ചൽ ചുഴലിക്കാറ്റായി മാറി. നാളെ ഉച്ചയ്ക്ക് ശേഷം പുതുച്ചേരിക്ക് സമീപം, മഹാബലിപുരത്തിനും കാരൈക്കലിനുമിടയിൽ ചുഴലിക്കാറ്റ് തീരം തൊടും. തമിഴ് നാട്ടിലെ 9 ജില്ലകൾക്ക് നാളെ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു.

********************************

## RAIN-KERALA

കേരളത്തിൽ അടുത്ത 5 ദിവസം ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യത. ആറ് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മറ്റന്നാൾ ഏഴ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. തെക്കൻ കേരള തീരത്ത് നാളെ വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

********************************

## SYED-MODI BADMINTON

ഇന്ത്യൻ താരങ്ങളായ പി വി സിന്ധുവും ലക്ഷ്യസെന്നും ലക്നൗവിൽ നടക്കുന്ന സെയ്ദ് മോദി ബാഡ്മിൻറൺ ടൂർണമെൻറിൻറെ സെമിയിൽ കടന്നു. ചൈനീസ് താരത്തെ നേരിട്ടുള്ള സെറ്റുകൾക്ക് തോൽപ്പിച്ചാണ് സിന്ധു അവസാന നാലിൽ ഇടം പിടിച്ചത്. മിക്സഡ് ഡബിൾസിൽ ധ്രുവ് കപില - തനീഷ ക്രാസ്റ്റോ സഖ്യവും സെമിയിൽ പ്രവേശിച്ചു.

********************************

## ISL

I S L ഫുട്ബോളിൽ, ഇന്ന് ഈസ്റ്റ് ബംഗാൾ - നോർത്ത് ഈസ്റ്റ് യുണൈറ്റഡ് പോരാട്ടം. കൊൽക്കത്തയിലെ സാൾട്ട് ലേക്ക് സ്റ്റേഡിയത്തിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സ് - എഫ് സി ഗോവയോട് ഒരു ഗോളിന് പരാജയപ്പെട്ടു.

********************************

## **Syed Mushtaq Ali Trophy**

സയ്യിദ് മുഷ്താഖ് അലി ട്രോഫി ട്വൻറി-20 ക്രിക്കറ്റ് മത്സരത്തിൽ കേരളത്തിന് അട്ടിമറി വിജയം. കരുത്തരായ മുംബൈയെ 43 റൺസിനാണ് സഞ്ജു സാംസണിൻറെ നേതൃത്വത്തിലുള്ള കേരളം പരാജയപ്പെടുത്തിയത്. കേരളം ഉയർത്തിയ 235 റൺസിൻറെ വിജയലക്ഷ്യം പിന്തുടർന്ന മുംബൈയ്ക്ക് നിശ്ചിത 20 ഓവറിൽ 9 വിക്കറ്റിന് 191 റൺസ് നേടാനേ കഴിഞ്ഞുള്ളൂ.

*******************************

## **PM- GONDIA ACCIDENT**

മഹാരാഷ്ട്രയിലെ ഗോണ്ടിയയിൽ ഉണ്ടായ ബസ്സപകടത്തിൽ അനുശോചനം രേഖപ്പെടുത്തി രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും. മരിച്ചവരുടെ ബന്ധുക്കൾക്ക് പ്രധാനമന്ത്രി ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും ധനസഹായം പ്രഖ്യാപിച്ചു.

*******************************

## **J. Chinchurani**

കൊല്ലം - ചെങ്കോട്ട ഗ്രീൻഫീൽഡ് ഹൈവേ നിർമ്മാണത്തിൽ ഭൂഉടമകളുടെ ആശങ്ക പരിശോധിക്കാമെന്ന് കേന്ദ്രസർക്കാർ ഉറപ്പ് നൽകിയതായി മന്ത്രി ജെ ചിഞ്ചുറാണി. ഭൂമിയുടെ ഉടമസ്ഥർ അനുഭവിക്കുന്ന പ്രശ്നങ്ങൾ കേന്ദ്ര സഹമന്ത്രി ഹർഷ് മൽഗോത്രയുമായി ചർച്ച നടത്തിയതായി മന്ത്രി പറഞ്ഞു. ഭൂഉടമകൾക്ക് അർഹമായ മൂല്യം നൽകണമെന്ന് ആവശ്യപ്പെട്ടതായും, വിഷയത്തെകുറിച്ച് പഠിച്ചതിന് ശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് കേന്ദ്ര സഹമന്ത്രി ഉറപ്പുനൽകിയതായും ശ്രീമതി ചിഞ്ചുറാണി അറിയിച്ചു.

******************************

********************

**************